No.CEE/1416/5LLB/2015/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## കേരളത്തിലെ സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2015–16 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി. കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 17 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2015–16 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **17.08.2015 (തിങ്കളാഴ്ച)** ആരംഭിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും തങ്ങളുടെ **'കീ നമ്പർ'** ഡൗൺലോഡ് ചെയ്ത ശേഷം **17.08.2015** മുതൽ **26.08.2015 വൈകുന്നേരം 2 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **'കീ നമ്പർ'** ഡൗൺലോഡ് ചെയ്യുന്നതിന് വെബ്സൈറ്റിലെ **LL.B 5-year Download Key Number** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത ശേഷം ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, ജനന തീയതി, പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷിച്ചപ്പോൾ നൽകിയ പാസ്വേഡ് എന്നിവ നൽകേണ്ടതാണ്. കീ നമ്പർ വ്യക്തിഗതവും രഹസ്യ സ്വഭാവുമുള്ളതും സുപ്രധാനവുമാകയാൽ അത് മറ്റുള്ളവർക്ക് കൈമാറാൻ പാടുള്ളതല്ല.

കീ നമ്പർ ലഭിച്ച ശേഷം വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ, കീ നമ്പർ, പാസ്വേർഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ കയറി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 17.08.2015 | **'കീ നമ്പർ'** വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| 17.08.2015 | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| 26.08.2015 2 pm | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| 01.09.2015 | **ഒന്നാംഘട്ട അലോട്ട്മെന്റ്** |
| 02.09.2015, 03.09.2015, 04.09.2015 | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| 04.09.2015 വൈകുന്നേരം 5 ന് | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകണം |

| DETAILS OF LAW COLLEGES INCLUDED IN CENTRALISED ALLOTMENT PROCESS (CAP) | | | | | |
|---|---|---|---|---|---|
| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
| **GOVERNMENT LAW COLLEGES** | | | | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM | LB | BA. LL.B | 80 |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM | LB | BA. LL.B | 80 |
| 3 | TCL | GOVT. LAW COLLEGE, THRISSUR | LA | BBA. LL.B | 80 |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE | LA | BBA. LL.B | 80 |
| **PRIVATE SELF FINANCING LAW COLLEGES** | | | | | |
| 5 | NKL | NSS LAW COLLEGE, KOTTIYAM, KOLLAM | **LB** | BA. LL.B | 60 |
| 6 | SKL | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM | **LB** | BA. LL.B | 60 |
| | | | **LC** | B Com. LL.B | 60 |
| | | | **LA** | BBA. LL.B | 60 |
| 7 | GNL | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM | **LB** | BA. LL.B | 60 |
| | | | **LA** | BBA. LL.B | 60 |
| | | | **LC** | B.Com LL.B | 60 |
| 8 | SEL | SREE NARAYANA LAW COLLEGE, POOTHOTTA, ERNAKULAM | **LB** | BA. LL.B | 60 |
| | | | **LA** | BBA. LL.B | 60 |
| 9 | CPL | CSI INSTITUTE OF LEGAL STUDIES, CHERUVARAKONAM, TRIVANDRUM | **LB** | BA. LL.B | 60 |
| | | | **LA** | BBA. LL.B | 60 |
| 10 | CEL | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM | **LB** | BA. LL.B | 60 |
| | | | **LC** | B.Com LL.B | 60 |
| 11 | ATL | AL AZHAR LAW COLLEGE, THODUPUZHA, IDUKKI | **LB** | BA. LL.B | 60 |
| 12 | CTL | CO-OPERATIVE SCHOOL OF LAW, THODUPUZHA, IDUKKI | **LA** | BBA. LL.B | 120 |
| | | | **LS** | B.Com LL.B (Hons) | 60 |
| 13 | BAL | BHARATA MATA SCHOOL OF LEGAL STUDIES, ALUVA EAST, CHUNANGAMVELI, ERNAKULAM | **LB** | BA. LL.B | 60 |
| | | | **LO** | BBA. LL.B (Hons) | 60 |
| 14 | MZL | MOUNT ZION LAW COLLEGE, ELAKOLLOOR, KONNI, PATHANAMTHITTA | **LS** | B Com. LL.B (Hons) | 60 |
| 15 | PKL | KERALA LAW ACADEMY LAW COLLEGE, THIRUVANANTHAPURAM | **LC** | B Com. LL.B | 60 |
| 16 | KML | KMCT LAW COLLEGE, MALAPPURAM | **LA** | BBA. LL.B | 50 |
| 17 | MKL | MARKAZ LAW COLLEGE, KARANTHUR, KOZHIKODE | **LA** | BBA. LLB | 60 |
| 18 | KEL | V R KRISHNAN EZHUTHACHAN LAW COLLEGE, PALAKKAD | **LO** | BBA.LLB (Hons) | 60 |
| 19 | AIL | AMBOOKAN ITTUP MEMORIAL (AIM) COLLEGE OF LAW, POYYA P.O., THRISSUR | **LO** | BBA.LLB (Hons) | 60 |
| 20 | MCL | MCT COLLEGE OF LEGAL STUDIES, MELMURI, MALAPPURAM | **LA** | BBA.LLB | 60 |
| 21 | NCL | NEHRU ACADEMY OF LAW, LAKKIDI, PALAKKAD | **LA** | BBA.LLB | 60 |
| **TOTAL SEATS** | | | | | **1930** |

**സീറ്റുകളുടെ അലോട്ട്മെന്റ്**

സർക്കാർ ലോ കോളേജുകളിലെ 100% സീറ്റുകളിലേക്കും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സീറ്റുകളിലേക്കും കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

**ഫീസ്:**

സർക്കാർ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **1500/- രൂപ**യാണ്. സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ അടക്കേണ്ട ഒന്നാം വർഷ ട്യൂഷൻ ഫീസ് **15000/- രൂപ**യും തിരികെ ലഭിക്കുന്ന നിക്ഷേപത്തുക **50000/- രൂപ**യുമാണ്.

സർക്കാർ ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2015 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിശദമായ ഫീസ് ഘടനയുടെ ഉത്തരവുകൾ യഥാക്രമം G.O.(Ms)No.577/2013/H.Edn dated 17.08.2013, G.O.(Ms)No.630/2013/H.Edn dated 28.09.2013 **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 2015 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് ലെറ്റർ
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും നല്ല സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

***നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നു നടത്തുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.***

അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക് അനാവശ്യമായി ഓപ്ഷനുകൾ കൊടുക്കുവാൻ പാടുള്ളതല്ല. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**പാസ്വേഡ് റീ സെറ്റിംഗ്:** പാസ്വേഡ് നഷ്ടപ്പെട്ട വിദ്യാർത്ഥികൾ അവ റീ സെറ്റ് ചെയ്യുന്നതിന് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന പ്രഫോർമയിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ നൽകേണ്ടതാണ്. ഇത് സ്പീഡ് പോസ്റ്റ്/ഫാക്സ്/സ്കാൻ ചെയ്ത ഇ-മെയിൽ/നേരിട്ടോ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
13.08.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**